മിൽമായുടെ കീഴിലുള്ള മിൽക്ക് പ്ലാൻറുകൾ

1224 [1954] ശ്രീ. പി. ശങ്കർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിൽമായുടെ കീഴിൽ ഇപ്പോൾ എത്ര മിൽക്ക് പ്ലാൻറുകൾ ഉണ്ട്? ജില്ല തിരിച്ചുള്ള കണക്ക് അറിയിക്കുക;

(ബി) പാലക്കാട് ജില്ലയിൽ എരുത്തേമ്പതിയിലുള്ള പ്ലാൻറ് ജില്ല മാറി സ്ഥാപിക്കണമെന്ന് ആലോചിക്കുന്നതെന്തുകൊണ്ട് ;

(സി) തൃശ്ശൂർ, എറണാകുളം ജില്ലകളിൽ സഹകരണ സ്ഥാപനങ്ങളിൽ നിന്നു മിൽക്ക് പ്ലാൻറിലേക്കു വാങ്ങുന്ന പാലിന് എന്തു വിലയാണ് കൊടുക്കുന്നത് ;

(ഡി) ആ വില പാലക്കാട് സഹകരണ സംഘങ്ങൾക്ക് കൊടുക്കുന്നില്ലെന്ന് പറയുന്നതെന്തുകൊണ്ടാണ് ;

(ഇ) നാലുവർഷം മുമ്പ് തിരുവനന്തപുരം യൂണിയൻ സർക്കാർ ഏറ്റെടുത്തപ്പോൾ സംഘങ്ങൾക്ക് കൊടുക്കാനുണ്ടായിരുന്ന കുടിശ്ശിക സർക്കാർ കൊടുക്കാൻ സൻമനസ്സു കാണിച്ചപ്പോൾ പാലക്കാട് മിൽക്ക് സപ്ലൈ യൂണിയൻ ഗവൺമെൻറ് ഏറ്റെടുത്ത അവസരത്തിൽ സംഘങ്ങൾക്ക് കൊടുക്കാനുണ്ടായിരുന്ന കുടിശ്ശിക കൊടുക്കാതിരുന്നതു എന്തുകൊണ്ടാണ്;

(എഫ്) പാലക്കാട് മിൽക്ക് സപ്ലൈ യൂണിയൻ പാൽ കൂട്ടുപണ വിറ്റ വകയിൽ പാലക്കാട് ടൗണിലെ ജനങ്ങൾക്ക് കിട്ടാനുണ്ടായിരുന്ന കൂട്ടുപണ അനുസരിച്ചുള്ള പാൽ സപ്ലൈ യൂണിയനിലെ മിൽമാ ഏറ്റെടുത്തപ്പോൾ കൊടുക്കാമെന്ന് പറഞ്ഞിരുന്നതായും പിന്നീട് കൊടുക്കാതിരുന്നതായും പറയുന്നത് ശരിയാണോ?

ഉത്തരം

(എ) മിൽമായുടെ കീഴിൽ ഇപ്പോൾ നാല് ഡയറി പ്ലാൻറുകളും 17 ചില്ലിങ്ങ് പ്ലാൻറുകളും ഉണ്ട്.

ഡയറി പ്ലാൻറുകൾ		ചില്ലിങ്ങ് പ്ലാൻറുകൾ	
തിരുവനന്തപുരം	1	കൊല്ലം	3
ആലപ്പുഴ	1	ആലപ്പുഴ	1
എറണാകുളം	1	എറണാകുളം	2
പാലക്കാട്	1	ഇടുക്കി	6
		തൃശ്ശൂർ	2
		പാലക്കാട്	2
		കണ്ണൂർ	1
ആകെ	4	ആകെ	17

LIBRARY ARCHIVES Kerala Legislative Assembly

(ബി) എരുത്തേമ്പതിയിൽ ഇപ്പോഴും രണ്ട് ചില്ലിംഗ് യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്. അവിടത്തെ ആവശ്യത്തിന് ഒരു ചില്ലിംഗ് യൂണിറ്റുതന്നെ മതിയാകുന്നതുകൊണ്ടും മൂടിക്കോടുനിന്ന് ഉൽപ്പാദിപ്പിക്കപ്പെടുന്ന പാലിന്റെ അളവ് കൂടുതലായതുകൊണ്ടുമാണ് മൂടിക്കോട്ടേക്ക് ഒരു ചില്ലിംഗ് യൂണിറ്റ് മാറ്റി സ്ഥാപിക്കുവാൻ തീരുമാനിച്ചത്.

(സി) തൃശ്ശൂർ, എറണാകുളം ജില്ലകളിൽ സഹകരണ സംഘങ്ങളിൽനിന്ന് മിൽക്ക് പ്ലാന്റിലേക്കു വാങ്ങുന്ന പാലിന് ഒരു കിലോഗ്രാം കൊഴുപ്പിന് 19 രൂപയും ഒരു കിലോഗ്രാം എസ്. എൻ. എഫ്. നു 13 രൂപ 50 പൈസയും ആണ് കൊടുക്കുന്നത്.

(ഡി) പാലക്കാട്ടെ പാൽ ഉൽപ്പാദന ചെലവ് തൃശ്ശൂർ, എറണാകുളം ജില്ലകളിലെ പാൽ ഉൽപ്പാദന ചെലവിനെക്കാൾ കുറവായതുകൊണ്ടാണ് പാലക്കാട് സഹകരണ സംഘങ്ങൾക്ക് കുറഞ്ഞ വിലക്കു കൊടുക്കുന്നത്.

(ഇ) ഇക്കാര്യം പരിഗണിച്ചുകൊണ്ടിരിക്കുകയാണ്.

(എഫ്) ശരിയല്ല. ഇക്കാര്യം ഇപ്പോൾ ഗവൺമെന്റിന്റെ പരിഗണനയിലാണ്.

സോയിൽ കൺസർവേഷൻ ഡിപ്പാർട്ടുമെന്റിലെ ജീവനക്കാരന് രണ്ടുമാസം ശമ്പളം കിട്ടിയില്ലെന്ന പരാതി

1225 [1956] ശ്രീ. ടി. എ. പരമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിൽ സോയിൽ കൺസർവേഷൻ ഡിപ്പാർട്ടുമെന്റിന്റെ എത്ര യൂണിറ്റുകൾ പ്രവർത്തിക്കുന്നു ;

(ബി) ഇവയിൽ വാഴക്കാല സോയിൽ കൺസർവേഷൻ ഓഫീസിൽ എത്ര സ്റ്റാഫ് ഉണ്ട്;

(സി) വാഴക്കാല സോയിൽ കൺസർവേഷൻ ഓഫീസിലെ ഉദ്യോഗസ്ഥന്മാർക്ക് കാഷ്വൽ ലീവ് അനുവദിക്കാൻ അധികാരമുള്ള ഉദ്യോഗസ്ഥന്റെ ഓഫീസ് എത്ര മൈൽ അകലെയാണ് സ്ഥിതിചെയ്യുന്നത് ;

(ഡി) വാഴക്കാല സോയിൽ കൺസർവേഷൻ ഓഫീസിലെ ഓവർസിയർ ആയ ശ്രീ. സുബ്രഹ്മണ്യ അയ്യർ 1979 ജനുവരി 17, 18, 19, 20 എന്നീ തീയതികളിൽ കാഷ്വൽ ലീവിനും ഹെഡ്ക്വാർട്ടേഴ്സ് വിടുന്നതിനും ഉള്ള അപേക്ഷ ആഫീസിൽ എത്തിച്ചശേഷം പോവുകയുണ്ടായോ ;

(ഇ) പീരുമേട് സോയിൽ കൺസർവേഷൻ അസിസ്റ്റന്റ് വാഴക്കാല ഓഫീസ് സന്ദർശിച്ച സന്ദർഭത്തിൽ അവിടത്തെ ഹാജർ പുസ്തകത്തിൽ ശ്രീ. സുബ്രഹ്മണ്യ അയ്യരുടെ പേരിന് നേരെയുള്ള കോളങ്ങളിൽ 1979 ജനുവരി 17, 18, 19, 20 എന്നീ തീയതികളിൽ സ്വന്തം കൈപ്പടയിൽ 'സി. എൽ.' എന്ന് മാർക്ക് ചെയ്തിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly